PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting) 1970

Wednesday, the 4th March, 1970

Vol. XXVI] OFFICIAL REPORT [No. 18

LIBRARY ARCHIVES-Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, the 4th March 1970, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session).

ORAL ANSWERS

മി. സ്പീക്കർ: ഓർഡർ. ഓർഡർ കാസ്റ്റ്യൻ നമ്പർ 480—ന് 2—3—70ൽ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: ഏ —യ്ക്ക് ഉത്തരം പറഞ്ഞിട്ടില്ല.

അരിറേഷൻ

* 133. (480) ശ്രീ. സി. കണ്ണൻ
,, ഈ. ബാലാനന്ദൻ
,, വി. കൃഷ്ണദാസ്
,, എം. സദാശിവൻ
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ
,, പി. കെ. കുഞ്ഞച്ചൻ
,, പാലൊളി മുഹമ്മദുകുട്ടി
,, പി. പി. കൃഷ്ണൻ
,, എൻ. വാസുദേവൻ പിള്ള
,, വി. വി. കുഞ്ഞാമ്പു
,, കെ. ടി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അരി റേഷൻ വെട്ടിക്കുറയ്ക്കണമെന്ന് കേന്ദ്രം സംസ്ഥാന ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടില്ലെന്നുള്ള കേന്ദ്ര ഭക്ഷ്യ വകുപ്പ് സഹമന്ത്രിയുടെ പ്രസ്താവന ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കമ്പോളത്തിൽ നിന്നും നെല്ലു വിലയ്ക്കെടുക്കുവാനുള്ള ഒരു തീരുമാനം ഗവൺമെൻറ് കൈക്കൊണ്ടിട്ടുണ്ടോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) ഉണ്ട്. കേന്ദ്ര ഭക്ഷ്യവകുപ്പ് സഹമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വന്നതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: അഞ്ചേക്കറിനുമേൽ കൃഷിയുള്ള കൃഷിക്കാരിൽ നിന്നുമാത്രം നിർബന്ധമായി നെല്ലെടുപ്പുനടത്തുകയാണെങ്കിൽ ഇൻഡ്യയിൽ ഒരാൾക്ക് 12 ഔൺസ് റേഷൻ കൊടുക്കാൻ കഴിയുമെന്നുള്ള കണക്ക് കാണുകയുണ്ടായി.....

മി. സ്പീക്കർ: ഇത് അരിറേഷൻ വെട്ടിക്കുറയ്ക്കണമെന്ന് കേന്ദ്ര സഹമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യമാണ്.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: അതാണു ചോദിക്കുന്നത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ മദ്രാസിലും ആന്ധ്രയിലുമെല്ലാംതന്നെ ധാന്യം ഇഷ്ടംപോലെ ഉള്ളപ്പോഴും മൂന്നുനാലൗൺസുകൊണ്ട് കേരളീയർ ജീവിക്കണമെന്നുള്ള വിവേചനാപരമായ കേന്ദ്രത്തിൻെറ നയത്തിനെതിരെ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു? ആവശ്യമായ റേഷൻ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ആറ് ഔൺസല്ല പന്ത്രണ്ട് ഔൺസ് അരിയെങ്കിലും കൊടുക്കണമെന്നുള്ളതാണ് ഈ ഗവൺമെൻറിൻെറ ആഗ്രഹം. അതിനു വേണ്ടി ഈ ഗവൺമെൻറ് വന്നതിശേഷം കേന്ദ്ര ഗവൺമെൻറിനെ ഈ വിവരം അറിയിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇങ്ങനെ തുടരാനേ ഇപ്പോഴും സാധിക്കുകയുള്ളൂ.

ശ്രീ. പി. പി. കൃഷ്ണൻ: ഈ സഭയിൽ കഴിഞ്ഞപ്രാവശ്യം ഭക്ഷ്യകാര്യമന്ത്രി കേന്ദ്രത്തിൻെറ നിർദ്ദേശമനുസരിച്ച് ആണ് അരിറേഷൻ വെട്ടിക്കുറച്ചതെന്നു പറയുകയുണ്ടായി. അങ്ങനെ കേന്ദ്രം നിർദ്ദേശിച്ചിട്ടില്ലെന്നാണു ഭക്ഷ്യ വകുപ്പു സഹമന്ത്രിയുടെ പ്രസ്താവനയിൽ കാണുന്നത്. ഈ വൈരുദ്ധ്യത്തിനുള്ള കാരണം എന്താണെന്നറിഞ്ഞാൽക്കൊള്ളാം?

ശ്രീ. കെ. ടി. ജേക്കബ്: കേന്ദ്ര ഗവൺമെൻറ് അങ്ങനെ അറിയിച്ചിട്ടില്ല. കത്തുമൂലമോ സംഭാഷണങ്ങളിലൂടെയോ ഒന്നും അറിയിച്ചിട്ടില്ലെന്നു മാത്രമല്ല സഹ ഭക്ഷ്യമന്ത്രിയുമായി ഡൽഹിയിൽ വച്ചും ഇവിടെ വച്ചും സംസാരിച്ച അവസരത്തിൽ 6 ഔൺസ് അരി റേഷൻ തുടരാൻ എങ്ങനെയെങ്കിലും ശ്രമിക്കാമെന്നുതന്നെയാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിനും പുറമെ അദ്ദേഹത്തിൻെറ സീനിയർ മന്ത്രി ബഹുമാനപ്പെട്ട ജഗജ്ജീവൻ റാം അയച്ചിട്ടുള്ള കത്തിൽ കാര്യങ്ങളെല്ലാം പറഞ്ഞുവന്നിട്ട് അവസാനിപ്പിക്കുന്നത് ഇതാണ്. I would again advise the Government of Kerala to reduce, with immediate effect, the quantum of rice ration to 120 gram per day as the enhanced ration has been continued for about 3 months beyond the period originally intended. This position should I suggest would be remitted forthwith.

ശ്രീ. പി. പി. കൃഷ്ണൻ: അങ്ങനെയാണെങ്കിൽ കേന്ദ്ര ഭക്ഷ്യമന്ത്രിയുടെ നിർദ്ദേശത്തിനു വിരുദ്ധമായി ഭക്ഷ്യ സഹമന്ത്രി ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് നമ്മുടെ കേരള ഗവൺമെൻറ് വല്ല ആക്ഷേപവും പുറപ്പെടുവിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: പത്രവാർത്ത ശ്രദ്ധയിൽപ്പെട്ട ഉടനേ അതിനെ ചോദ്യം ചെയ്തുകൊണ്ട് ഇതു വസ്തുതകൾക്ക് നിരക്കാത്തതാണ്, അത് അങ്ങ് അറിഞ്ഞു ചെയ്തതാണോ മറേതെങ്കിലും മാർഗ്ഗത്തിൽ വരാൻ ഇടയായതാണോ എന്നു കേരളാ ഗവൺമെൻറിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ടി. ജോർജ്: പഞ്ഞമാസങ്ങളിൽ കേരളത്തിലുള്ള ജനങ്ങൾക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ ഒഴുവാക്കുന്നതിനുവേണ്ടിയല്ലേ കേന്ദ്രത്തിൽ നിന്നും ഇത്തരത്തിലുള്ള നിർദ്ദേശം തരുന്നതിന് ഇടവന്നിട്ടുള്ളത്?

ശ്രീ. കെ. ടി. ജേക്കബ്: എന്നാണെന്നാണു തോന്നുന്നത്. ഈ മാസങ്ങളിൽ സാധാരണ എങ്ങനെയെങ്കിലും റേഷൻ കൊടുക്കാൻ കരുതൽ വേണമെന്ന് ധാരാളം കത്തുകൾ കണ്ടിട്ടുണ്ട്. ഈ ഉദ്ദേശത്തിൻെറ പേരിലാണെന്ന് വ്യക്തമായും പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ ജഗജ്ജീവൻറാമിൻെറ എഴുത്ത് ഇവിടെ വായിക്കുകയുണ്ടായി—അതിൻെറ ഡേറ്റ് എന്നാണെന്ന് പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: 1970 ജനുവരി 15.

ശ്രീമതി കെ. ആർ. ഗൗരി: റേഷൻ വെട്ടിക്കുറച്ചു കഴിഞ്ഞതിനുശേഷമാണോ അതിനു മുമ്പിലാണോ?

ശ്രീ. കെ. ടി. ജേക്കബ്: വെട്ടിക്കുറയ്ക്കുന്നതിനു മുമ്പാണ്.

ശ്രീമതി കെ. ആർ. ഗൗരി: സാധാരണ നിലയിൽ കേന്ദ്ര ഗവൺമെൻറ് അരികൂടുതൽ തരാൻ സാധ്യമല്ലെന്നും ആ വിധത്തിൽ അരി റേഷൻ കുറയ്ക്കണമെന്നും ഇതിനുമുമ്പും പല നിർദ്ദേശങ്ങളും തന്നിട്ടും രണ്ടുലക്ഷത്തോളം പോലും അരി സ്റ്റോക്കില്ലാത്ത സന്ദർഭത്തിൽ ഒരു ലക്ഷത്തിഇരുപത്തി അയ്യായിരം ടണ്ണിനെക്കാൾ കുറവുണ്ടായിരുന്നപ്പോൾ ഫുൾറേഷൻ നാലു മാസത്തോളം 68—ൽ നിലനിറുത്തിയിട്ടില്ലേ?

ശ്രീ. കെ. ടി. ജേക്കബ്: 1968—ൽ മൂന്നൗൺസാണ് കൊടുത്തുകൊണ്ടിരുന്നതെന്നാണ് കണക്കുകളിൽ കാണുന്നത്. 6 ഔൺസ് റേഷൻ ആണോ കൊടുത്തതെന്ന് അറിയാൻ പാടില്ല. കേന്ദ്ര വിരുദ്ധ സമരം നടത്തിയ കാലത്തുപോലും സർവ്വശക്തിയും ഉപയോഗിച്ചു ശ്രമിച്ച കാലത്തുപോലും ആളുകളെ തുലച്ചതായാണ് വസ്തുതകളിൽ നിന്നു കാണുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: വസ്തുതകൾ എങ്ങിനെയിരുന്നാലും 1968 ജൂൺ 22 —ാം തീയതി മുതൽ 160 ഗ്രാം റേഷൻ കൊടുക്കുകയും അന്നു ഗവൺമെൻറിൻെറ കയ്യിൽ കൊടുക്കാൻ മാത്രമുണ്ടായിരുന്ന സ്റ്റോക്ക് ഒരു ലക്ഷത്തി ചിലപ്പാനം ടൺ മാത്രമായിരുന്നു എന്നും അപ്പോൾ ഫുൾ റേഷൻ നാലരമാസത്തോളം കൊടുക്കാൻ എങ്ങനെ കഴിഞ്ഞു എന്നും പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: നാലര മാസം ഫുൾ റേഷൻ കൊടുത്തുഎന്നു പറയുന്ന പീരിയേഡിലൊക്കെത്തന്നെ ഏതാണ്ട് രണ്ടു രണ്ടര ലക്ഷം എന്ന കണക്കിൽ അരി സ്റ്റോക്ക് ഉണ്ടായിരുന്നു. അതിനു ശേഷമാണ് കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്. അതല്ലാതെ ഒരു ലക്ഷത്തിൽ താഴെ സ്റ്റോക്കുള്ളപ്പോൾ കൊടുക്കാൻകഴിഞ്ഞിട്ടുണ്ടെന്ന് തോന്നുന്നില്ല. 6 ഔൺസ് കൊടുത്ത ഘട്ടത്തിലൊക്കെ ഒരു ലക്ഷം അല്ലെങ്കിൽ ഒന്നര ലക്ഷം ആയിരുന്നില്ല. മാത്രവുമല്ല അന്നൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഫോർമലായിട്ടു പറഞ്ഞിരുന്നെങ്കിലും ഞാൻ പല കത്തുകളും, ഫുഡ് സെക്രട്ടറിയുടെ കത്തും മറ്റും കണ്ടിട്ടുണ്ട്. ഭക്ഷ്യമന്ത്രിയുടെ നേരിട്ടുള്ള പറച്ചിൽ കൂടാതെ പേഴ്സണലായി അയച്ച കത്തു കണ്ടിട്ടുണ്ട്. As a request എന്നു പ്രത്യേകം പറയുന്നുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം മിനിസ്റ്റർ പറയുമ്പോഴും അതിനെ വകവയ്ക്കാതെ പോയാൽ വലിയ ബുദ്ധിമുട്ടുവരുമെന്നുകരുതിയിട്ട് തൽക്കാലത്തേക്കൊന്നു നിറുത്തുകയും പിന്നീട് കൂടുതൽ കൊടുക്കുകയും ചെയ്തു. ഇങ്ങനെയുള്ള നയമാണ് ഗവൺമെൻറ് സ്വീകരിച്ചത്.

ശ്രീമതി. കെ. ആർ. ഗൗരി: 1968 ജൂൺ 22 —ാം തീയതി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം ടണ്ണോ ഉണ്ടായിരുന്നുള്ളൂവെന്നു മേശപ്പുറത്തുവച്ച ഫയലിൽ കാണാം. അത്രയും അരി സ്റ്റോക്കുണ്ടായിരുന്നപ്പോഴും 6 ഔൺസു വീതം റേഷൻ അന്നുകൊടുക്കാൻ കഴിയുകയും നാലരമാസം തുടർന്നു കൊടുക്കത്തക്ക സാഹചര്യം ഉണ്ടാവുകയും ചെയ്ത സ്ഥിതിക്ക് രണ്ടുലക്ഷം ടൺ അരി കൈയിലിരിക്കുകയും കൂടുതലായിട്ട് അരി വരാനിരിക്കുകയും ചെയ്തപ്പോഴും അരി റേഷൻ കുറവുചെയ്തതിന്റെ കാരണമെന്താണ്?

ശ്രീ. കെ. ടി. ജേക്കബ്: രണ്ടുലക്ഷമല്ല 15 ലക്ഷം ടൺ അരി സ്റ്റോക്കുണ്ടെന്നു വിചാരിക്കുക. അപ്പോഴും കേന്ദ്ര മന്ത്രിയുടെ നിർദ്ദേശം വരികയാണ് നിങ്ങൾ 6 ഔൺസ് തുടരാൻ പാടില്ല, പഞ്ചമാസങ്ങളിലേക്ക് സൂക്ഷിച്ചു വയ്ക്കണമെന്ന്. തുടർച്ചയായി നിർദ്ദേശം വരികയാണെങ്കിൽ അതിനെ സംബന്ധിച്ച് ഞങ്ങൾക്ക് കേന്ദ്ര വിരുദ്ധ സമരത്തിന് തീഷ്ണത വളരെ ഇല്ലാത്തതുകൊണ്ട് കേന്ദ്രമന്ത്രിമാരുമായി ആലോചിച്ച് അവരുമായി സഹകരിച്ച് പോകണമെന്നുള്ള നയമുള്ളതുകൊണ്ട് വാസ്തവത്തിൽ കുറെകൂടുതൽ അരിഉണ്ടെന്നു വിചാരിച്ചിട്ട് ബഹുമാപ്പെട്ട മെമ്പർ മുൻപു ചെയ്തതുപോലെ എട്ടുപത്തൗൺസ് അരികൊടുക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ നില്പയിൽ കേന്ദ്ര ഗവൺമെൻറ് ഈ നാട്ടിൽ റേഷൻകൊടുക്കേണ്ട എന്നു പറഞ്ഞാൽ രണ്ടുമൂന്നു ലക്ഷം ടൺ അരി സ്റ്റോക്കുവച്ചുകൊണ്ട് കൊടുക്കാതിരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: കേന്ദ്ര ഗവൺമെൻറ് അങ്ങനെ പറയുമെന്നു വിചാരിക്കുന്നില്ല. അഥവാ അങ്ങനെ അദ്ദേഹം പറഞ്ഞാൽ അതുപോലെ അനുസരിക്കണമോ എന്ന് ഞങ്ങൾ അപ്പോൾ ആലോചിക്കാം.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): ശ്രീമതി ഗൗരിയമ്മ ഇവിടെ 1968—ൽ അരി കൊടുത്തതിനെപ്പറ്റി പറഞ്ഞു. ആ സ്റ്റോക്ക് വച്ചുകൊണ്ട് ഈ ഗവൺമെൻറ് വന്നതിനുശേഷം അത്രയും കാലം ആറൗൺസ് തന്നെ കൊടുത്തു. ഇക്കാലമത്രയും കേന്ദ്ര ഗവൺമെൻറിൽനിന്നും ഇങ്ങനെ കൊടുക്കരുതെന്നും പഞ്ചമാസങ്ങളിലേക്ക് കരുതി വയ്ക്കണമെന്നും പഞ്ചമാസങ്ങളിൽ ഇല്ലാതെവന്നാൽ ഞങ്ങളെ കുറ്റം പറയരുതെന്നും തുടരെത്തുടരെ കത്തെഴുതിക്കൊണ്ടിരുന്നു. അതു വകവയ്ക്കാതെതന്നെയാണ് ആറൗൺസ് അരി തുടർന്നു കൊടുത്തത്. ഇപ്പോഴും സ്റ്റോക്ക് ഉണ്ടെങ്കിലും പഞ്ചമാസത്തിൽ ഉണ്ടാകുമെന്ന് അഷ്വർ ചെയ്യാൻനിവൃത്തിയില്ല, അടുത്ത മാസത്തിൽ ഒരു പക്ഷേ ഒന്നും തരാൻ കഴിഞ്ഞില്ലെന്നുവരും, അതു കണക്കിലെടുത്തുകൊണ്ട് ഒരു കാഷൻ (caution) വേണമെന്നാണ് കേന്ദ്രഗവൺമെൻറു പറഞ്ഞത്. അതു കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: 1967–മുതൽ 1968 ജൂൺവരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ പ്രായപൂർത്തിയായ ഓരോ വ്യക്തിക്കും നാലേമുക്കാൽ ഔൺസ് അരി കൊടുക്കാൻ സ്റ്റോക്ക് ഉണ്ടായിരിക്കേ മൂന്നൗൺസു മാത്രമേ വിതരണം ചെയ്തിട്ടുള്ളു എന്ന് ആരോപണം വരികയും അന്നത്തെ സ്റ്റോക്ക് രജിസ്റ്ററിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. അതിനു മറുപടിയായിട്ട് അന്നത്തെ ഭക്ഷ്യമന്ത്രി പറഞ്ഞത് പഞ്ഞമാസത്തേക്കുവേണ്ടി സ്റ്റോക്ക് ചെയ്യുകയാണ്, അതു കൊണ്ടാണ് കൊടുക്കാതിരുന്നത് എന്നല്ലേ? അങ്ങനെയുള്ള ഒരു നയം മുൻ ഗവൺമെൻറ് അനുവർത്തിച്ചിരുന്നില്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ഇവിടെ മൂന്നൗൺസ് അരിമാത്രമായി എത്രയോ കാലം തുടർന്നിരുന്നു. പിന്നെ കൂടുതൽ സ്റ്റോക്ക് ഉണ്ടാകുമെന്നു കരുതി ആറൗൺസ് ആക്കുക എന്ന നയം മുൻ ഗവൺമെൻറും തുടർന്നിരുന്നില്ല, ഈ ഗവൺമെൻറും തുടരുകയില്ല. ഇത് സാധാരണ പ്രായോഗികമായ കാര്യമല്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഒന്നാം തീയതി മുതൽ ആറൗൺസ് ആയിരിക്കുകയാണ്. അത് പഞ്ഞമാസത്തേക്ക് കൂടുതൽ അരി തന്നുകൊള്ളാമെന്നും ആറൗൺസ് കൊടുക്കാനും കേന്ദ്ര ഗവൺമെൻറ് ആവശ്യപ്പെട്ടതുകൊണ്ടാണോ?

ശ്രീ. കെ. ടി. ജേക്കബ്: കേന്ദ്ര ഗവൺമെൻറ് ഔദ്യോഗികമായി എഴുതിയ രേഖ തന്നതിനുശേഷമല്ലെന്നു ഞാൻ പറയുകയുണ്ടായി. ഒരു മാസം റേഷൻ കുറച്ചെങ്കിലും ഈ ഗവൺമെൻറ് വെറുതേയിരുന്നില്ല. ആ സമയത്തുപോലും വേണ്ടിവന്നാൽ കേന്ദ്ര വിരുദ്ധ സമരം നടത്തണമോ എന്ന് ആലോചിക്കുകയും ചെയ്തിരുന്നു. അതു പരസ്യമായി പറഞ്ഞിട്ടില്ല എന്നേയുള്ളു. അതെല്ലാം ഞങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എന്താണ്ട് ഒരു കാലാവസ്ഥ വന്ന ഉടൻതന്നെ വർദ്ധിപ്പിച്ചു കിട്ടുമെന്നാണ് പ്രതീക്ഷിക്കേണ്ടത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: തെറ്റായ ഭക്ഷ്യ നയത്തിന്റെ ഫലമായി, നമ്മുടെ രാജ്യത്തു മിച്ചം വരുന്ന ഭക്ഷ്യധാന്യം തക്കസമയത്ത് എടുക്കാതിരുന്നതിന്റെ ഫലമായി മുൻ ഭക്ഷ്യമന്ത്രിയുടെ കാലത്തു തിരുവോണത്തിനുപോലും നാട്ടിലെ ജനങ്ങളെ പട്ടിണിക്കിട്ട വസ്തുത അറിയാമോ?

ശ്രീ. കെ. ടി. ജേക്കബ്: അതു പരിശോധിച്ചിട്ടില്ല. ശ്രീമതി ഗൗരി അങ്ങനെ വിചാരിച്ചു ചെയ്തു എന്നു ഞാൻ പറയുകയില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: റേഷൻ മൂന്നൗൺസായി കുറച്ച കാലത്തു കൊയ്ത്തു കാലമായിരുന്നു എന്നും അതിന്റെ ഫലമായി പരസ്യമാർക്കറ്റിൽ വില ഉയരുകയുണ്ടായില്ല എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അതെല്ലാം കണക്കിലെടുത്തു. വെറുതെ വെട്ടിക്കുറച്ചതല്ല. ഈ രാജ്യത്തെ പൊതു സ്ഥിതിവിവരക്കണക്കുകൾ എടുത്തു പരിശോധിച്ചു. ഇക്കഴിഞ്ഞ ജനുവരിയിൽ ഒന്നര ഔൺസ് റേഷൻ കുറച്ചു എന്നു വിചാരിച്ചു പരസ്യമാർക്കറ്റിൽ വില കയറുകയോ ബുദ്ധിമുട്ടുണ്ടാകുകയോ ചെയ്യുകയില്ല എന്നു തോന്നിയിരുന്നു. അതുതന്നെയാണ് അനുഭവവും. പിന്നെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, പ്രൊക്യുവർമെൻറ്, പ്രോഡക്

LIBRARY ARCHIVES Kerala Legislative Assembly

ഷൻ കൂടുതൽ ഇതെല്ലാം കൊണ്ടു മുൻ കാലത്തേപ്പോലെ രൂക്ഷമായ ഒരു പ്രശ്നമായി ഇത് ബഹുജനങ്ങളുടെ ഇടയിൽ വന്നിട്ടില്ല. ചില രാഷ്ട്രീയ പ്രവർത്തകൻമാർക്ക് ഇതൊരു പ്രശ്നമായി എന്നല്ലാതെ രാജ്യത്താകെ ഒരു പ്രശ്നമായി ഞങ്ങൾക്കു തോന്നുന്നില്ല.

ശ്രീ. വി. കുട്ടികൃഷ്ണൻ നായർ: വരുന്ന പഞ്ചമാസങ്ങളിൽ വീണ്ടും റേഷൻ വെട്ടിക്കുറയ്ക്കാതിരിക്കാൻ പ്രത്യേകമായ കരുതൽ സ്റ്റോക്കു വയ്ക്കാൻ പദ്ധതിയുണ്ടോ; അതിനെപ്പറ്റി വിശദീകരിക്കാമോ?

ശ്രീ. കെ. ടി. ജേക്കബ്: കരുതൽ സ്റ്റോക്ക് എന്ന നിലയിലൊന്നും സ്റ്റോക്ക് ചെയ്യാൻ ആലോചിച്ചിട്ടില്ല. ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്നതെല്ലാം ഈ നിലയിൽ സൂക്ഷിച്ചു കൊണ്ടുപോയാൽ പഞ്ചമാസങ്ങളിലും കൊടുക്കാൻ കഴിയുമെന്നുള്ള വീക്ഷണമാണുള്ളത്. ഏതായാലും പഞ്ചമാസത്തേക്കു പ്രത്യേകമായ അലോട്ടുമെൻറ് വേണമെന്നു പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: 1972–ൽ കേന്ദ്ര ഗവൺമെൻറ് വിദേശത്തു നിന്നും അരി ഇറക്കുമതി നിറുത്തലാക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. അതു നടപ്പിലാകുന്നതോടുകൂടി കേരളം പോലെ വളരെ ഭക്ഷ്യക്ഷാമമുള്ള ഒരു സംസ്ഥാനത്തിനു ക്രമമായി റേഷൻ വിതരണം നടത്താനുള്ള ഒരു നിലപാട് കേന്ദ്ര ഗവൺമെൻറ് സ്വീകരിക്കേണ്ടതാണ്. കേന്ദ്രത്തിൻറെ റേഷൻ നയത്തെസംബന്ധിച്ചിടത്തോളം ഈ നയപ്രഖ്യാപനം കണക്കിലെടുത്തു കൊണ്ട് നേരത്തേ തന്നെ കേന്ദ്രവുമായി ബന്ധപ്പെടാനും ഇന്നുള്ള റേഷൻ തോതുതന്നെ വർദ്ധിപ്പിക്കത്തക്കതരത്തിൽ ക്രമമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനും കേന്ദ്രവുമായി എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടോ; ഗവൺമെൻറ് അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ; ഈ നയപ്രഖ്യാപനം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രത്യേകതകളെല്ലാം ഗവൺമെൻറ് കണക്കിലെടുത്തിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഇൻഡ്യാഗവൺമെൻറ് അനുക്രമമായി ഇംപോർട്ട് കുറച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ ഇംപോർട്ട് കുറച്ചു കൊണ്ടിരിക്കുന്ന ഒരു നയമാണു സ്വീകരിച്ചു കൊണ്ടിരിക്കുന്നതെന്ന് പറയുകയുണ്ടായി. ഈ ആപൽക്കരമായസ്ഥിതി, കേരളത്തിന് അപകടമുണ്ടാക്കുകയില്ലേ എന്നു ചോദിച്ചപ്പോൾ പറഞ്ഞത് ഇവിടുത്തെ ആഭ്യന്തരമായ ഉൽപ്പാദനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്നും അങ്ങനെ 1972 ആകുമ്പോഴേക്കും സ്വയം പര്യാപ്തതയിലേക്ക് എത്തിച്ചേരാൻ ഇടയുണ്ടെന്നുമാണ് ഗവൺമെൻറ് ഓഫ് ഇൻഡ്യാ കണക്കാക്കുന്നതെന്നാണ് പറഞ്ഞത്. അങ്ങനെയൊരു സ്ഥിതിയുണ്ടെങ്കിൽ ഒരിക്കലും മതിയാകാത്ത കേരളത്തെ സംബന്ധിച്ചിടത്തോളം ഭയപ്പെടേണ്ടതില്ലെന്നും ഇംപോർട്ടു ചെയ്തോ ഇവിടെയുള്ള പ്രൊക്യുവർമെൻറിൽനിന്നോ തരാൻ കേന്ദ്രം ബാദ്ധ്യസ്ഥമാണെന്നും ഉറപ്പു നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ഗണപതി: *സർ, നമ്മുടെ സ്റ്റേറ്റ് ഗവർമെൻറ് അമേരിക്കാവിടമിരുന്ന് വരും അരിസി വേണ്ടാമെന്നു സിപാർസു ചെയ്യ മുടിയുമാ?*

ശ്രീ. കെ. ടി. ജേക്കബ്: എന്താണ് ചെയ്യാൻ പോകുന്നതെന്ന് അറിഞ്ഞുകൂടാ.

ശ്രീ. എൻ. ഗണപതി: *സർ, നമ്മുടെ ഗവർമെൻറ് സോഷലിസക് കൊൾകൈകളെ കടൈപ്പിടിപ്പതാകച് സൊൽലിക്കൊണ്ടും മുതലാളിത്തുവ നാടാന അമെരിക്കാവിലിരുന്തു നമതു കേരളത്തിർകു അരിസി കൊണ്ടുവരുവതൈ നിറുത്തവേണ്ടുമെന്നു മത്തിയ സർക്കാരുക്കു സിപാർസു സെയ്യപ്പടുമാ?*

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: അതുകൊണ്ടൊന്നും സോഷ്യലിസം വരുകയില്ല. എന്തു ചെയ്താലും ആ വഴിയിൽക്കൂടി സോഷ്യലിസം ഉണ്ടാകുകയില്ല അതിനു വേറെ മാർഗ്ഗങ്ങം നോക്കണമെന്നേയുള്ളൂ.

ശ്രീ. എം. കെ. എ. ഹമീദ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ച ജഗജ്ജീവൻറാമിൻെറ കത്തിലും അതുപോലെയുള്ള മറ്റു വിവരങ്ങളിലും നിന്നു മനസ്സിലാകുന്നത് ജനുവരി മാസത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് സംസ്ഥാനഗവൺമെൻറും കേന്ദ്ര ഗവൺമെൻറും തമ്മിൽ ചർച്ചകം നടന്നു കൊണ്ടിരുന്നു എന്നാണ്. ഇത്ര ഗൗരവമുള്ള ഒരു പ്രശ്നത്തെ സംബന്ധിച്ച് ജനുവരി മാസത്തിൽ ചർച്ച നടന്നുകൊണ്ടിരുന്നപ്പോഠം ഈ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ വിവരം സഭയെ അറിയിക്കാൻ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല എന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: പ്രത്യേകിച്ചു സഭയെ അറിയിക്കത്തക്ക ഒരു സാഹചര്യമുണ്ടായിരുന്നില്ല. ജനുവരിയിലും ഇതു തുടരാൻ കഴിയുമെന്ന രീതിയിലാണു കരുതിയിരുന്നത്. അവസാനമാണു വളരെ കർശനമായ നിലയിലുള്ള ഈ നിർദ്ദേശം ലഭിച്ചത്. അതുകൊണ്ടാണ് സഭയെ അറിയിക്കാൻ കഴിയാതെ പോയത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 15–1–1970 –ന് റേഷൻ കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ജഗജ്ജീവൻറാം കത്തെഴുതി എന്നു പറഞ്ഞു. ആ കത്തിന് ഗവൺമെൻറ് മറുപടി നൽകുകയുണ്ടായോ; റേഷൻ കുറയ്ക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തെ ആളുകഠംക്കു ബുദ്ധിമുട്ടുണ്ടാകുമെന്നും അതുകൊണ്ട് കുറയ്ക്കാൻ സാധ്യമല്ലെന്നും ആവശ്യമായ സ്റ്റോക്കു നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായോ?

ശ്രീ. കെ. ടി. ജേക്കബ്: അതാണ് ഞാൻ നേരത്തെപറഞ്ഞത്. മിക്കവാറും ആഴ്ചയിൽ ഒരിക്കലെങ്കിലും ഒരു കത്തയയ്ക്കുന്നുണ്ട്. തുടർച്ചയായി കേന്ദ്രവുമായി ബന്ധംപുലർത്തിക്കൊണ്ടിരിക്കുകയാണ്. നിരന്തരമായി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നതിൻെറ ഫലമായിട്ടായിരിക്കും കൂടുതൽ കിട്ടുക. ഉദാഹരണത്തിന് കഴിഞ്ഞമാസം അൽപ്പം അരികുറവായിവന്നു. ഉടൻതന്നെ അതിനെ സംബന്ധിച്ച പ്രശ്നം ഞങ്ങം ആലോചിക്കുകയുണ്ടായി. നിരന്തരമായി കേന്ദ്രഗവൺമെൻറുമായി ഈ പ്രശ്നം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടാണെന്നാണ് തോന്നുന്നത് വലിയ കുഴപ്പം കൂടാതെ കാര്യങ്ങം പൊയ്ക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ കത്തനുസരിച്ച് മറുപടി അയച്ചോ എന്നാണ് ഞാൻ ചോദിച്ചത്.

(ഉത്തരമില്ല)

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: കേരളത്തിലെ ഭക്ഷ്യ സാധനങ്ങളുടെ ഉൽപ്പാദന വർദ്ധനവിനെ തടയുകയും അതിനുള്ള എല്ലാ ഏർപ്പാടുകളേയും തടസ്സപ്പെടുത്തുകയും അതേസമയംതന്നെ റേഷനിൽ കുറവു വരുത്തുമ്പോഠം അതിനു പരാതിപറയുകയും ചെയ്യുന്ന ഒരുവിഭാഗം രാഷ്ട്രീയ നേതാക്കൻമാർ ഈ രാജ്യത്തുണ്ടെന്നുള്ളവിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയൊന്നും അറിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ആ പാർട്ടിയുടെ പേരു കമ്മ്യൂണിസ്റ്റു പാർട്ടി ആഫ് ഇൻഡ്യയെന്നാണോ?

(കമ്മ്യൂണിസ്റ്റുപാർട്ടി ആഫ് ഇൻഡ്യയിലെ നിരവധി അംഗങ്ങൾ എഴുന്നേറ്റുനിന്ന് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു).

ഡാക്ടർ ജോർജ്ജുതോമസ്: സർ, കഴിഞ്ഞദിവസം, ബഹുമാനപ്പെട്ട മന്ത്രി ഇതുപോലെ ഒരുദിവസം ഒരു ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ കേന്ദ്രഭക്ഷ്യമന്ത്രിയുടെ നിർബന്ധംകൊണ്ടാണ് ഇവിടെ റേഷൻ വെട്ടിക്കുറച്ചതെന്നു പറഞ്ഞു. ഇന്നത്തെ ചോദ്യത്തിനു മറുപടിപറഞ്ഞപ്പോൾ അങ്ങനെ കേന്ദ്രഗവൺമെൻറ് സംസ്ഥാനഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടില്ലെന്ന് കേന്ദ്രഭക്ഷ്യസഹമന്ത്രി ചെയ്ത പ്രസ്താവന ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. ഇതാണ് വസ്തുതയെങ്കിൽ കേരളത്തിലെ ജനങ്ങൾ ഏതാണ് വിശ്വസിക്കേണ്ടത്. കേന്ദ്ര നിർദ്ദേശം കൊണ്ടാണോ റേഷൻ വെട്ടിക്കുറച്ചത്, അതോ സംസ്ഥാനഗവൺമെൻറിന്റെ ആഗ്രഹം അനുസരിച്ചാണോ വെട്ടിക്കുറച്ചത്?

ശ്രീ. കെ. ടി. ജേക്കബ്: കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ചാണ് വെട്ടിക്കുറച്ചതെന്നു ധരിച്ചാൽമതി. അതാണു ഞങ്ങൾക്ക് തോന്നുന്നത്. സഹമന്ത്രിയുടെ പ്രസ്താവനയെപ്പറ്റി പറഞ്ഞാൽ അത് ഒരു പത്രവാർത്തയാണ്. ഏതോ ഒരു പത്രത്തിൽ മാത്രമാണ് അതു വന്നതും. അതു നേരാണോയെന്നറിഞ്ഞുകൂടാ. ശ്രീ. ജഗജ്ജീവൻറാമിന്റെ കത്താണ് ഞാൻ ഇവിടെ വായിച്ചത്. അദ്ദേഹത്തിന്റെ നിർബന്ധവും നിർദ്ദേശവും അനുസരിച്ചാണ് ചെയ്തതെന്നു ധരിച്ചാൽ വലിയ അപകടമുണ്ടെന്നും തോന്നുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 15–1–1970–ലെ കത്തിനു മറുപടി അയച്ചോയെന്നാണ് ഞാൻ ചോദിച്ചത്. മറുപടി അയച്ചെങ്കിൽ ആ മറുപടികൂടി ഒന്നു വായിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: സാധാരണ ഇങ്ങനെയുള്ള കത്തുകൾക്ക് മറുപടി അയയ്ക്കാറുണ്ട്. ഇതിനും മറുപടി അയയ്ക്കാനുള്ള നടപടികളിലായിരിക്കണം. ഏതായിരുന്നാലും മറുപടി അയച്ചതായി ഇപ്പോൾ ഫയലിൽ കാണുന്നില്ല.

ശ്രീ. എം. കൃഷ്ണൻ: കേരളത്തിലെ കൃഷിക്കാരിൽനിന്നും ലെവിക്കു പുറമേ കൂടുതൽ നെല്ലെടുക്കാൻ ഉദ്ദേശിച്ചിരുന്നോ, ആ പരിപാടി വിജയകരമായി നടന്നോ?

ശ്രീ. കെ. ടി. ജേക്കബ്: ലെവിക്കുപുറമേ നിർബന്ധപൂർവ്വം നെല്ലെടുക്കാൻ ഉദ്ദേശിച്ചിരുന്നില്ല. ലെവി പ്രൊക്യുവ്മെൻറ് വിജയിക്കുമെന്നാണ് ഗവൺമെൻറു കരുതുന്നത്.

ശ്രീ. കെ. കരുണാകരൻ: കേന്ദ്രഭക്ഷ്യമന്ത്രി ജഗജ്ജീവൻറാം നിർബന്ധിച്ചതുകൊണ്ടാണ് റേഷൻ കുറവുചെയ്തതെന്നു പറയുകയുണ്ടായി. രണ്ടാം വിളവെടുപ്പിന്റെ സമയമായതുകൊണ്ട് ഭാവിയിൽ ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനും കുറവുചെയ്താൽ കൊള്ളാമെന്നാണോ കുറയ്ക്കണമെന്ന് നിർബന്ധപൂർവ്വം പറയുകയാണോ ചെയ്തത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: കുറയ്ക്കണമെന്നുതന്നെയാണ് . കത്തുണ്ട്. ഇത് ഇങ്ങനെ കണ്ടിന്യൂ ചെയ്യാൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. 120 ഗ്രാം മാത്രമേ പാടുള്ളുഎന്നാണ് പറഞ്ഞത്. അതിൽകൂടുതൽ പാടില്ല.

ശ്രീ. പി. കുഞ്ഞൻ: കുറച്ചുമുമ്പേ മറുപടി പറഞ്ഞതിൽ കേന്ദ്ര വിരുദ്ധസമരം കുറഞ്ഞതുകൊണ്ടാണ് ഇന്നത്തെ ഈ സാഹചര്യത്തിൽ അരി വെട്ടിച്ചുരുക്കാൻ ഇടയായതെന്നു പറഞ്ഞു. അതു ശരിയാണെങ്കിൽ ഇന്നത്തെ ഗവൺമെൻറിന്റെ പുതിയ കേന്ദ്രബന്ധംവച്ചുകൊണ്ട് ഓരോ മാസവും കേന്ദ്രവിരുദ്ധസമരംകുറയുകയും കേരളത്തിനു തീരെ അരികിട്ടാതെ വരികയും ചെയ്യുന്ന ഒരു പരിതഃസ്ഥിതി ഉണ്ടായേക്കുമോയെന്നു ഭയപ്പെടുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: കുറച്ചുദിവസമായിട്ട് കേന്ദ്രവിരുദ്ധ സമരം കുറവാണ്. അതുകൊണ്ടാണ് അരികുറയാൻ കാരണമെന്നു ഗവൺമെൻറു കരുതുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: മന്ത്രി നേരത്തെ പറഞ്ഞതാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ടി. ജേക്കബ്: ഇപ്പോഴം ലഭിക്കുന്ന അരിയും ഇതും തമ്മിൽ ബന്ധപ്പെടുത്തി പറഞ്ഞിട്ടില്ല. പിന്നെ സമരത്തിന്റെ രൂപം എന്താണെന്നായിരിക്കും. ഈ ഗവൺമെൻറ് കേന്ദ്രവുമായി ഈ കാര്യത്തെപ്പറ്റി എപ്പോഴും ചർച്ചനടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഡാക്ടർ ജോർജ്ജ്തോമസ്: കേന്ദ്രത്തിലെ ഒരു മന്ത്രി റേഷൻ വെട്ടിക്കുറയ്ക്കണമെന്നാവശ്യപ്പെടുകയും മറെറാരുമന്ത്രി അങ്ങനെ സംസ്ഥാനത്തോട് ആവശ്യപ്പെട്ടിട്ടില്ലെന്നു പറയുകയും ചെയ്യുന്നതിന്റെ വൈരുദ്ധ്യം ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ പെടുത്തിയിട്ടില്ല. ഇനി പെടുത്താം; എന്താണ് അങ്ങനെ രണ്ടുസ്വരത്തിൽ സംസാരിക്കാൻ ഇടവന്നത്. ഇത് അസംബ്ലിയിൽത്തന്നെ വാദപ്രതിവാദത്തിനിടയാക്കി. പലമെമ്പറൻമാർക്കും വിഷമമുണ്ടായി എന്നൊക്കെയുള്ള കാര്യങ്ങളം അറിയിക്കാം.

ശ്രീ. എസ്. ദാമോദരൻ: സ്റ്റാക്കിന്റെ കുറവുകൊണ്ടല്ല കേന്ദ്ര നിർബന്ധംകൊണ്ടാണ് റേഷൻ വെട്ടിക്കുറയ്ക്കാൻ ഇടയായതെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ നെല്ലുമുതലാളിമാർക്ക് കൂടുതൽ രൂപ കിട്ടാൻവേണ്ടിയല്ലേ കേന്ദ്രഗവൺമെൻറ് ഇങ്ങനെ ഒരു നിർദ്ദേശം പുറപ്പെടുവിച്ചത്?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ നെല്ലുമുതലാളിമാർക്ക് വിലയൊന്നും കൂടുതൽ കിട്ടിയിട്ടില്ല. അതുമൂലം വിലക്കൂടുതലുണ്ടായതായി തോന്നുന്നില്ല.

സോവിയറ് സാംസ്ക്കാരിക കേന്ദ്രം

* 134 [481] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പണിചെയ്തിരുന്ന സോവിയറ് സാംസ്കാരിക കേന്ദ്രം ഇടിഞ്ഞുവീണ അത്യാഹിതത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചു കഴിഞ്ഞുവോ;